ശ്രീ. കെ കൃഷ്ണപിള്ള : തീപ്പെട്ടിവ്യവസായം മന്ദീഭവിച്ചിരിക്കുകയാണെന്ന മന്ത്രി സമ്മതിച്ചിട്ടുണ്ട്, അതു പ്രോൽസാഹിപ്പിക്കുന്നതിനു ഗവണ്മെൻറു തയാറാകുകയും ചെയ്തിട്ടുണ്ട്. എത്ര കമ്പനികൾക്കു ഈ സഹായം ലഭിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : വ്യവസായവകുപ്പ് അതേപ്പറ്റി അന്വേഷിക്കും. ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഡിപ്പിംഗ് ഒഴികെ മറ്റെല്ലാം ഇവിടെ വികസിപ്പിക്കുന്നുണ്ടെങ്കിലും ആകെയുള്ള ഡ്യൂട്ടിയുടെ മൂന്നിലൊരു ഭാഗംമാത്രമേ നമുക്കു കിട്ടുന്നുള്ളൂ. ഇതൊന്നു റീഓർഗനൈസ് ചെയ്തു ആയിരക്കണക്കിനു തൊഴിൽ ഇല്ലാതിരിക്കുന്നവർക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനും നമ്മുടെ സ്റ്റേറ്റിലെ സാമ്പത്തികനില ഭദ്രമാക്കുവാനും തയ്യാറാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഗവണ്മെൻറ് ആ കാര്യത്തിൽ മുൻഗണന എടുക്കുന്നതാണ്.

ശ്രീ. കെ. ആർ. വിജയൻ : വലിയ തീപ്പെട്ടിക്കമ്പനികൾക്കു ഫാസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും സാഫ്റവുഡ് സൗജന്യനിരക്കിൽ കിട്ടുന്നുണ്ട്. ചെറിയ കമ്പനികൾക്കു അപ്രകാരം സൗജന്യനിരക്കിൽ സാഫ്റവുഡ് കിട്ടാത്തതുകൊണ്ട് ചെറുകിട വ്യവസായികൾക്കു ഒരു കൺസഷൻ റേറിൽ സാഫ്റവുഡ് കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോൾതന്നെ ചെറിയ കമ്പനികൾക്കു സാഫ്റവുഡിനുള്ള ആനുകൂല്യം നൽകിക്കൊണ്ടിരിക്കുകയാണ്.

സംശയകരമായ മരണത്തെപ്പറ്റി അന്വേഷണം.

* 883. [25] ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വടകര മുനിസിപ്പൽ അതിർത്തിയിൽപ്പെട്ട നടക്കുതാഴ അംശത്തിലെ കറങ്ങോട്ട മീത്തൽ ജാനുവിൻെറ മരണം സംശയാസ്പദമായ നിലയിലാണെന്നും, ആകയാൽ അതുസംബന്ധമായി അന്വേഷണം നടത്തേണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മരിച്ച ജാനുവിൻെറ അമ്മാവനായ ഗോവിന്ദനിൽ നിന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധമായി അന്വേഷണം നടത്തിയോ;

(സി) നടത്തിയെങ്കിൽ അന്വേഷണഫലമെന്താണെന്നു പറയുമോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ട്.

(ബി) നടത്തി.

(സി) അന്വേഷണത്തിൽ സംശയകരമായ കാര്യം കണ്ടില്ല.

PAPERS LAID ON THE TABLE

Minister for Food and Agriculture (**Shri E. P. Poulose**) : Sir, I lay on the Table a copy of Notification No. G. O. MS. 886/63/Agri. dated 7th October 1963 issued by the Government under Sections 12 and 21 of the Travancore-Cochin Land Development Act, 1950 (Act XXXVI of 1950) containing amendment to the rules governing grant of loans in aid of Land Development Schemes.

LIBRARY ARCHIVES Kerala Legislative Assembly